പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5170 05.07.2012 ൽ മറുപടിയ്ക്ക്

പന്തളം തെക്കേക്കര ഇലക്ട്രിസിറ്റി ആഫീസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) അടൂർ നിയോജക മണ്ഡലത്തിലെ പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ പുതിയ ഇലക്ട്രിസിറ്റി ആഫീസ് അനുവദിച്ചത് സംബന്ധിച്ച് 17.03.2001 തീയതിയിലെ 618/2001/TCI/S/4372/98 നമ്പർ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) 17.03.2001-ൽ 19 പുതിയ സെക്ഷനുകൾ അനുവദിച്ചിരുന്നുവെങ്കിലും 2002-ൽ ബോർഡിന്റെ റീസ്ട്രക്ചറിംഗ് നടപ്പിലാക്കിയ ഉത്തരവിൽ പന്തളം തെക്കേക്കര ഉൾപ്പെടെ 5 സെക്ഷനുകൾ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ പന്തളം തെക്കേക്കര എന്ന സെക്ഷൻ ആരംഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ഓഫീസ് സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) 25,000 ഉപഭോക്താക്കളിൽ കൂടുതലുള്ള സെക്ഷനുകളും 20,000 ത്തിലേറെ ഉപഭോക്താക്കളും 100 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവുമുള്ള സെക്ഷനുകളും പുനഃക്രമീകരിച്ചാണ് പുതിയ സെക്ഷനുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ടി മാനദണ്ഡത്തിൽ ഉൾപ്പെടാത്തതിനാൽ പന്തളം സെക്ഷൻ വിഭജിച്ച് പന്തളം തെക്കേക്കര എന്ന സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

2

സെക്ഷൻ ഓഫീസർ